LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2010 ജൂലൈ 20, ചൊവ്വ

വാല്യം :143] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 2010 ജൂലൈ മാസം 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ ചോദ്യം നമ്പർ *451

ധനവിനിയോഗ രംഗത്ത് വിവിധ വകുപ്പുകളിലെ അധികാര വികേന്ദ്രീകരണം

1 (*451) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നശേഷം ധനവിനിയോഗ രംഗത്ത് വിവിധ വകുപ്പുകളിൽ അധികാര വികേന്ദ്രീകരണം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) വകുപ്പു തലവൻമാരുടെയും കീഴുദ്യോഗസ്ഥരുടെയും ധനവിനിയോഗ അധികാരത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും പുതിയ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉദ്യോഗസ്ഥരുടെ സാമ്പത്തികാധികാരത്തിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ,

(എ) കെ. വി. രബീന്ദ്രൻ നായർ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾക്കും വകുപ്പ് തലവൻമാർക്കും സാമ്പത്തികാധികാരം വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് 6-8-2008-ലെ സ.ഉ.(പി) നമ്പർ.350/08/ധന. പ്രകാരം പുറപ്പെടുവിച്ചു.

(ബി) വകുപ്പ് തലവൻമാരുടെ ധനവിനിയോഗാധികാരം 6-8-2008-ലെ സ.ഉ. (പി) നം.350/08/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ ചില വകുപ്പ് തലവൻമാർക്ക് അവരുടെ വകുപ്പിന്റെ പ്രത്യേകത കണക്കാക്കി ഭരണ നിർവ്വഹണം നടത്തുന്നതിന് സാമ്പത്തികാധികാരത്തിൽ മാറ്റങ്ങൾ വരുത്തി ഉത്തരവായിട്ടുണ്ട്. (വിശദീകരണ കുറിപ്പ് അനുബന്ധമായി വയ്ക്കുന്നു) *

(സി) തൽക്കാലം ഇല്ല.

(ഡി) ഭരണപരമായ ആവശ്യം ഉണ്ടെന്ന് തോന്നുകയാണെങ്കിൽ വരുത്തുന്നതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ധനവകുപ്പിൽ അങ്ങ് നടത്തിയ പരിഷ്ക്കാരങ്ങൾ കേരളത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിൽ സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. ചെലവ് ചെയ്യുന്ന കാര്യത്തിൽ സവിശേഷമായ ചില പ്രത്യേകതകൾ അങ്ങ് കൊണ്ടുവന്നത് കാണാൻ സാധിക്കും. മുൻ സർക്കാരിന്റെ കാലത്തുനിന്ന് വ്യത്യസ്തമായി എന്തൊക്കെ പ്രത്യേകതകളാണ് സർക്കാരിന്റെ ധനം വിനിയോഗിക്കുന്നതിൽ അങ്ങ് വരുത്തിയിട്ടുള്ളത്; ഇതുമൂലം ജനങ്ങൾക്ക് എന്ത് ഗുണമാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദീകരിക്കാമോ ?

ഡോ. തോമസ് ഐസക്: ഇൻഡ്യയിലെമ്പാടും ഫിസ്ക്കൽ കൺസോളിഡേഷന് വളരെ പ്രാധാന്യം നൽകുന്ന ഒരു കാലമാണ്. സാധാരണഗതിയിൽ അതിനുവേണ്ടി ചെയ്യുന്നത് ചെലവുകൾ ചുരുക്കുക എന്നുള്ളതാണ്. അതിനായി, വരുമാനം പരമാവധി വർദ്ധിപ്പിച്ചുകൊണ്ട് ഈ ക്ഷേമപ്രവർത്തനങ്ങളിലുള്ള ഇടർച്ച ഇല്ലാതാക്കുക എന്നതാണ് മുൻഗണനയിൽ വരുത്തിയ ഏറ്റവും പ്രധാനപ്പെട്ട മാറ്റം. രണ്ടാമത്, മൂലധന ചെലവിലും ഈ കാലയളവിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, പദ്ധതി നടപ്പിലാക്കുന്നതിനും അത് കുറ്റമറ്റതും സുതാര്യവുമാക്കുന്നതിനും വേണ്ടി അങ്ങ് ധനവകുപ്പിനകത്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണെന്ന് പറഞ്ഞു കേൾക്കുന്നു. അതിനകത്ത് വല്ല വസ്തുതയുമുണ്ടോ; യഥാർത്ഥത്തിൽ വർക്കിംഗ് ഗ്രൂപ്പ് ഉണ്ടാക്കിയത് ഈ പ്രവൃത്തികളെ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ തന്നെയാണോ ?

ഡോ. തോമസ് ഐസക്: നേരത്തെ പുതിയ സ്കീമുകൾക്കുള്ള ഫയലുകളൊക്കെ ഫിനാൻസ് വകുപ്പിൽ വന്ന് അതിലെ ഓരോ സെക്ഷനിലും കടന്നുകയറി അനുവാദം വാങ്ങിക്കേണ്ടിയിരുന്നു. അത് മാറ്റി ഫിനാൻസ് സെക്രട്ടറി, പ്ലാനിംഗ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പിന്റെ സെക്രട്ടറി അടങ്ങുന്ന ഒരു സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് ഒരുമിച്ചിരുന്ന് തീരുമാനിക്കുകയാണ് ചെയ്യുന്നത്. അതിനകത്ത് ഒരേയൊരു നിബന്ധന വച്ചിട്ടുണ്ട്, രണ്ടാഴ്ചയ്ക്ക് മുൻപ് ഫയൽ സമർപ്പിച്ചിരിക്കണം. പലപ്പോഴും ഈ നിബന്ധന പാലിക്കാറില്ല. അതിന്റെ പേരിൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ ചില വിമർശനങ്ങൾ വന്നിട്ടുണ്ട്. പക്ഷേ ഇത് വളരെ ഫലപ്രദമാണെന്ന് തെളിഞ്ഞ് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, അങ്ങയുടെ ധനമാനേജുമെന്റ് ഈ രാജ്യത്താകെ പ്രകീർത്തിക്കപ്പെടുന്ന ഒന്നാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്ന് വളരെ വ്യത്യസ്തമായ ഒരു ധനകാര്യ നിലപാടാണ് എൽ.ഡി.എഫ്-ന്റെ ഗവൺമെന്റ് സ്വീകരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിൽ നിന്ന് എങ്ങനെയാണ് ഈ ധനനയങ്ങൾ വ്യത്യസ്തമായി നിൽക്കുന്നത്; അതുപോലെതന്നെ ധനവിനിയോഗവുമായി ബന്ധപ്പെട്ട പി.എ.സി. റെക്കമെന്റേഷനുകൾ കൃത്യമായി, സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ഒരു സംവിധാനം ഒരു ഡിപ്പാർട്ടുമെന്റിലുമില്ല. ഇക്കാര്യത്തിൽ ധനവകുപ്പ് നേതൃത്വപരമായി ഇടപെടുമോ?

ഡോ. തോമസ് ഐസക് : ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ വേണ്ടത്ര ഗൗരവത്തിൽ എടുക്കാറില്ല. പലപ്പോഴും റിപ്പോർട്ട് വരുമ്പോഴുണ്ടാകുന്ന കാലതാമസത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ സംഭവിക്കുന്നത്. നിശ്ചയമായിട്ടും ആ പോരായ്മ നികത്തുന്നതിനുള്ള പരിശ്രമം നടത്തും.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ധനവിനിയോഗ അധികാര വികേന്ദ്രീകരണത്തോടൊപ്പം ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ആധുനികവൽക്കരണവുംകൂടി നടത്തിയതുകൊണ്ട് പദ്ധതികളുടെ നിർവ്വഹണ രംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ കൂടുതൽ അധികാരം വികേന്ദ്രീകരിക്കുമോ; അതോ ഇന്നത്തെ അവസ്ഥ തന്നെ നിലനിർത്തുമോ?

ഡോ. തോമസ് ഐസക്: കൂടുതൽ അധികാരം വികേന്ദ്രീകരിക്കേണ്ടതുണ്ട്. വൻകിട പ്രോജക്ടുകളുടെ കാലതാമസത്തെക്കുറിച്ച് വി. രാമചന്ദ്രൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് സർക്കാർ പരിഗണിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുകയാണ്. പക്ഷേ ഇപ്പോൾ ആധുനിക സാങ്കേതികവിദ്യകളുടെ പ്രയോഗം വളരെ പരിമിതമാണ്. ട്രഷറി കമ്പ്യൂട്ടറൈസേഷന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരത്തിൽ വിപുലമായ രീതിയിലുള്ള വികേന്ദ്രീകരണം സാധ്യമാകൂ.

ശ്രീ. പി. ജയരാജൻ : സർ, ധനവിനിയോഗ രംഗത്ത് ഏറ്റവും വലിയ ക്രമക്കേട് നടക്കുന്നത് പൊതുമരാമത്ത് വകുപ്പിലാണ്. പൊതുമരാമത്ത് വകുപ്പിലെ ധനവിനിയോഗത്തിന്റെ കാര്യത്തിൽ പ്രത്യേകമായിട്ടുള്ള വല്ല നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടോ; ചീഫ് എഞ്ചിനീയർ മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ ധന അധികാരങ്ങൾ ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഡോ. തോമസ് ഐസക് : ധന അധികാരങ്ങൾ വർദ്ധിപ്പിക്കുന്നതിനെ കുറിച്ച് സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ അതോടൊപ്പം അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്. നാട്ടുകാരറിഞ്ഞ് മാത്രമേ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. അതിനുള്ള സുതാര്യത ഉറപ്പു വരുത്തുന്ന നിബന്ധനകളും അധികാരം വർദ്ധിപ്പിക്കുന്നതോടൊപ്പം ഉണ്ടാകും.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ധനവിനിയോഗം ശരിയായ രീതിയിൽ നടത്തുന്നതിന്റെ ഉത്തരവാദിത്തം ഫിനാൻസിന് മാത്രമാണ് എന്നുള്ള ഒരു ധാരണയാണ് നമുക്കുള്ളത്. ബഡ്ജറ്റ് അലോക്കേഷൻ കഴിഞ്ഞാൽ അതാത് ഡിപ്പാർട്ടുമെന്റിനും ഉത്തരവാദിത്തമില്ലേ? ആ ഉത്തരവാദിത്തം ഡിപ്പാർട്ടുമെന്റ് നിർവ്വഹിക്കുന്നില്ലെങ്കിൽ അതിന് നടപടിയെടുക്കണം. ബഡ്ജറ്റ് അലോക്കേഷന് അകത്തുനിന്നുള്ള ചെറുതും വലുതുമായ എല്ലാ വർക്കുകളും ഫിനാൻസിൽ പിന്നെയും വന്ന് അനുമതി വാങ്ങിക്കണമെന്നത് കാലാകാലങ്ങളായി നമ്മൾ പിന്തുടർന്ന് വരുന്ന ഒരു നയമാണ്. അത് ഉണ്ടാക്കുന്ന വലിയ ഡിലേ ഈ പദ്ധതി പ്രവർത്തനങ്ങളെല്ലാം അവതാളത്തിലാക്കുന്നുണ്ടെന്നുള്ളതാണ് സത്യം. അതുകൊണ്ട് അതാത് ഡിപ്പാർട്ടുമെന്റിൽ ബഡ്ജറ്റ് അലോക്കേഷന് അകത്തു നിന്നുകൊണ്ട് വർക്ക് സാംഗ്ഷൻ ചെയ്യുന്നതിന് അനുമതി കൊടുക്കുന്നതിനെ സംബന്ധിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം ?

ഡോ. തോമസ് ഐസക് : ഇപ്പോൾ പ്ലാൻ സ്കീമുകൾ എത്ര തുകയുടെ ആണെങ്കിലും അനുവാദം വേണ്ട. ബന്ധപ്പെട്ട വകുപ്പിന് പണം വിത്ഡ്രാ ചെയ്ത് ചെലവാക്കാം. നോൺ പ്ലാനിൽ വരുന്നതിൽ വേയ്സ് ആന്റ് മീൻസിന്റെ ഒരു ബിൽ അഞ്ച് കോടി രൂപയിൽ അധികരിച്ചാൽ മാത്രമേ പ്രത്യേകം അനുവാദം വാങ്ങിക്കേണ്ട ആവശ്യമുള്ളൂ. ഏറ്റവും ഉദാരമായിട്ടുള്ള ഒരു സമീപനമാണ് കൈക്കൊണ്ടിരിക്കുന്നത്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, നമ്മുടെ പ്രോജക്റ്റുകളൊക്കെ ക്ലിയർ ചെയ്യാൻ നമുക്കൊരു സിംഗിൾ വിൻഡോ ക്ലിയറൻസ് സിസ്റ്റമുണ്ട് കർണ്ണാടകത്തിൽ രണ്ട് കമ്മിറ്റിയുണ്ട്. ഉദ്യോഗസ്ഥൻമാരടങ്ങുന്ന പ്രിൻസിപ്പൽ

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറി, ഇൻഡസ്ട്രീസ് ഹെഡ് ചെയ്യുന്ന കമ്മിറ്റിക്ക് നൂറ് കോടി രൂപ വരെ ഏത് പ്രോജക്ടിന് വേണമെങ്കിലും സാംഗ്ഷനാക്കാനുള്ള അധികാരമുണ്ട്. അതിന് മുകളിലുണ്ടെങ്കിൽ മുഖ്യമന്ത്രി ചെയർമാനായ കമ്മിറ്റി സാംഗ്ഷൻ ചെയ്യണം. കേരളത്തിലും ഇതുപോലെ നൂറു കോടി രൂപ വരെയുള്ള പ്രോജക്ടുകൾ സാംഗ്ഷനാക്കാനുള്ള അധികാരം പ്രിൻസിപ്പൽ സെക്രട്ടറി, ഇൻഡസ്ട്രീസോ വേറെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ചെയർമാനായ കമ്മിറ്റിക്ക് കൊടുക്കുമോ ?

ഡോ. തോമസ് ഐസക് : ഇപ്പോഴുള്ള ധാരണ അൻപത് കോടി രൂപയേക്കാൾ കൂടുതലാണെങ്കിൽ ക്യാബിനറ്റിൽ വരണമെന്നുള്ളതാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, ധനവിനിയോഗ രംഗത്തെ ഒരു പ്രധാനപ്രശ്നം സമയബന്ധിതമായി ചെറുതും വലുതുമായ പദ്ധതികൾ തീരുന്നില്ലെന്നുള്ളതാണ്. ഒരു സാമ്പത്തിക വർഷം ആരംഭിക്കുന്ന പദ്ധതി സമയബന്ധിതമായി തീരാത്തതുകൊണ്ട് വീണ്ടും അതിന്റെ റേറ്റ് മാറി മാറി അഞ്ച് കോടി രൂപയിൽ തീരേണ്ടത് അവസാനം 50 കോടി രൂപവരെ ആകുന്നത് സർവ്വസാധാരണമായി കാണുന്നതാണ്. അതുകൊണ്ട് നമ്മുടെ ഗവൺമെന്റ് മെഷിനറിയിൽ അതിനൊരു മെക്കാനിസം ഉണ്ടാക്കി നിർബന്ധമായും സമയബന്ധിതമായും പ്രോജക്ടുകൾ തീർന്നാൽ ധനവിനിയോഗ രംഗത്ത് വലിയ വിപ്ലവമായിരിക്കും. നമ്മുടെ ഉദ്യോഗസ്ഥ മേഖലയിൽ നിന്നും കോൺട്രാക്ടേഴ്സ് കമ്മ്യൂണിറ്റിയുമായുള്ള ഒരു ഇല്ലീഗൽ നെക്സസുണ്ട്. അതുകൂടി അവസാനിപ്പിക്കാതെ ഈ രംഗത്ത് മാറ്റം വരുത്താൻ കഴിയില്ല. അക്കാര്യത്തിൽ ഈ ഗവൺമെന്റ് പ്രത്യേകമായ ശ്രദ്ധ കേന്ദ്രീകരിക്കുമോ ?

ഡോ. തോമസ് ഐസക് : ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് വി. രാമചന്ദ്രൻ കമ്മിറ്റി വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ അവസാനം പറഞ്ഞ കാര്യം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇപ്പോൾ എം.എൽ.എ. മാരടക്കം പങ്കെടുത്ത് നടക്കുന്ന ജില്ലാതല റിവ്യൂകൾ കാണിക്കുന്നത് ഏതാണ്ട് എല്ലാ പ്രോജക്ടുകളും അനന്തമായി നീട്ടിക്കൊണ്ട് പോവുകയാണെന്നാണ്. അതിനൊരു ചോദ്യവുമില്ല. യഥാർത്ഥത്തിൽ ചെയ്യുന്നത് ലാഭമുണ്ടാകുന്ന പണി ചെയ്തിട്ട് ബാക്കി അവിടെ വിടുക എന്നുള്ളതാണ്. അതിപ്പോൾ വളരെ ഗൗരവമായിട്ടെടുത്തിട്ട് ഇങ്ങനെ നീണ്ടുപോകുന്ന പ്രോജക്ടുകളെല്ലാം റിസ്ക് ആന്റ് കോസ്റ്റ് ഉത്തരവാദിത്തത്തിന്റെ അടിസ്ഥാനത്തിൽ നിർത്താൻ തീരുമാനിച്ചിരിക്കുകയാണ്. കേരളത്തിൽ ഇതുവരെ ഒരു കോൺട്രാക്ടറുടെ കയ്യിൽ നിന്നും കോസ്റ്റ് ഈടാക്കിയിട്ടില്ല. ഇത്തവണ ഈടാക്കും.

ശ്രീ. ബാബു പോൾ : സർ, ധനമാനേജുമെന്റ് രംഗത്ത് നൂതനമായ പല പദ്ധതികളുമാണ് അങ്ങ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഗവൺമെന്റിന് നേരിട്ട് യാതൊരുവിധ കമ്മിറ്റ്മെന്റും വരാത്ത പൊതുമേഖലാ സ്ഥാപനങ്ങളുടെ പല കാര്യങ്ങളെ സംബന്ധിച്ചും ഇപ്പോൾ ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ വന്ന് സാംഗ്ഷൻ വാങ്ങണമെന്നുള്ള നിബന്ധനയുണ്ട്. കെ.ബി.പി.എസ്.-ലെ തൊഴിലാളികളുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ ഗവൺമെന്റിന് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

ഫിനാൻഷ്യൽ കമ്മിറ്റ്മെന്റും ഇല്ലാത്തതാണ്. ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിൽ നിന്നുതന്നെ ഇതിനാവശ്യമായ തീരുമാനമെടുക്കാൻ കഴിയത്തക്ക വിധത്തിലുള്ള ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ പറ്റുമോ ?

ഡോ. തോമസ് ഐസക് : സർ, വളരെ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഈ അധികാരം നൽകുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. പക്ഷേ പൊതുവിൽ എടുക്കാൻ കഴിയില്ല. എന്തുകൊണ്ടെന്നാൽ നഷ്ടം വന്നാൽ സർക്കാർ വഹിക്കണം. എന്നുമാത്രമല്ല കഴിഞ്ഞ ഒരു വർഷം എടുത്തുകഴിഞ്ഞാൽ 50-100 കോടിക്ക് ഇടയ്ക്ക് ഈ സ്ഥാപനം മുതൽമുടക്കുന്നുണ്ട്. അങ്ങനെ കിട്ടുന്ന പണം എങ്ങനെയും ചെലവാക്കാൻ പറ്റുമെന്ന് ധരിക്കാൻ പാടില്ല. അതേ സമയം കെ.എം.എം.എൽ.നെപ്പോലെ വളരെ ലാഭത്തിൽ പ്രവർത്തിക്കുന്ന, കാര്യക്ഷമമായി പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് സ്റ്റാർ പദവി നൽകി അങ്ങ് പറഞ്ഞ രീതിയിലുള്ള എല്ലാ ആട്ടോണമിയും നൽകണമെന്നുള്ളതാണ് എന്റെ പക്ഷം.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഓരോ വർഷവും നമ്മുടെ ബഡ്ജറ്റ് ബുക്ക് പ്രിന്റ് ചെയ്യുമ്പോൾ ആവർത്തിച്ചാവർത്തിച്ച് പത്ത് ഇരുപതിലധികം സ്ഥലത്ത് ഒരേ വർക്കിന്റെ പേര് കാണാം. അത് വലിയ ഭാരമായി മാറിയിരിക്കുകയാണ്. അതോടൊപ്പം തന്നെ തീരുന്ന വർക്കും കംപ്ലീറ്റ് ചെയ്ത വർക്കുകളും ഉണ്ട്. അത് കാലേക്കൂട്ടി പരിഷ്ക്കരിച്ച് വളരെ ലഘൂകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് അടുത്ത ബഡ്ജറ്റ് വാല്യം-2 ലഘൂകരിച്ച് പ്രസക്തമായവ മാത്രം ഉൾക്കൊള്ളിച്ച് പുറത്തിറക്കാം.

ശ്രീ. സാജുപോൾ : സർ, ഇപ്പോൾ പല പദ്ധതികളും പ്രഖ്യാപിച്ച് വർഷങ്ങൾ കഴിഞ്ഞാലും നടപ്പിലാക്കാൻ കഴിയുന്നില്ല. അതിൽ പ്രധാനപ്പെട്ടത് ധനവിനിയോഗം കാര്യക്ഷമമാക്കുന്നതിൽ ലാന്റ് അക്വിസിഷൻ നടപടികൾ ഒരു പ്രധാനപ്പെട്ട സംഗതിയാണ്. അതാത് വകുപ്പുകൾക്ക് അതിന് അധികാരം കൊടുത്താൽ മാത്രമേ അത് പരിഹരിക്കപ്പെടുകയുള്ളു. അതുപോലെ ടെൻഡർ നടപടികളിലെ സങ്കീർണ്ണതകളാണ്. പഴയ ഷെഡ്യൂൾ റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് 25 ശതമാനം അധികരിച്ചാൽ പ്രിൻസിപ്പൽ സെക്രട്ടറിക്ക് അതിന് അംഗീകാരം കൊടുക്കാൻ അധികാരം നൽകുകയും വേണം. അതുപോലെ തന്നെ ഇപ്പോൾ എൻ.എം.ആർ. പോയി ; ഇപ്പോൾ എൽ.എം.ആർ.എന്നാണ് പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥന്മാർ പറയുന്നത്. ലോക്കൽ മാർക്കറ്റ് റേറ്റ് ജസ്റ്റിഫിക്കേഷനും ഈ പഴയ റേറ്റിലുള്ള വർക്കുകൾക്ക് ഒഴിവാക്കാവുന്നതാണ്. കാരണം ഇപ്പോൾ റേറ്റ് വർദ്ധിച്ചപ്പോൾ 30 ശതമാനത്തിലേറെ അധികരിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഓരോ വകുപ്പിനും സെക്രട്ടറി, കമ്മീഷണർ, ഡയറക്ടർ,

LIBRARY ARCHIVES Kerala Legislative Assembly

അണ്ടർ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി ഇങ്ങനെ പല തട്ടുകളാണ്. ഇതിനൊക്കെ ഒരു സമൂലമായ പരിവർത്തനം വരുത്താൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കുമോ?

ഡോ. തോമസ് ഐസക് : സർ, ഇത് വളരെ ലളിതവൽക്കരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പുതിയ റേറ്റ് പ്രകാരം റോഡിന് ടെൻഡർ എക്സസ് ഇല്ല. സംഗതി വളരെ ലളിതമാണ്. എക്സസ് വന്നാൽ റീ ടെൻഡർ ചെയ്തോ. ബ്രിഡ്ജസിനും മറ്റും 5 ശതമാനം എക്സസ് കൊടുക്കാനോ അനുവാദം നൽകാം. ടെൻഡർ എക്സസിന്റെ കാലം അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, ടെൻഡർ എക്സസ് കൊടുക്കാതിരിക്കണമെങ്കിൽ മാർക്കറ്റ് റേറ്റിലായിരിക്കണം ഷെഡ്യൂൾ ഉണ്ടാക്കുന്നത്. നാല് കൊല്ലം മുമ്പുള്ള ആ റേറ്റിൽ ഷെഡ്യൂൾ ഉണ്ടാക്കിയാൽ ടെൻഡർ എക്സസില്ലാതെ വർക്ക് നടക്കുകയില്ല. അങ്ങേക്ക് ഇപ്പോൾ ബോദ്ധ്യമായിക്കാണും, പി.ഡബ്ല്യു.ഡി. രംഗമാണ് ധനദുർവിനിയോഗത്തിലെ ഏറ്റവും വലിയ മേഖല. എസ്റ്റിമേറ്റ് ഉണ്ടാക്കുമ്പോൾതന്നെ ബൂസ്റ്റ് അപ് ചെയ്ത് എസ്റ്റിമേറ്റ് ഉണ്ടാക്കും. ഓരോ ഘട്ടത്തിലും ഉദ്യോഗസ്ഥന്മാരുടെ connivance-ഓടുകൂടി നടത്തുന്ന വലിയ അഴിമതിയാണ് ടെൻഡർ എക്സസിന്റെ അവസാനം എത്തി നിൽക്കുന്നത്. ഇനിയെങ്കിലും യാഥാർത്ഥ്യബോധത്തോടുകൂടി ഷെഡ്യൂളുകൾ ഉണ്ടാക്കണം. അങ്ങ് പറഞ്ഞതുപോലെ ടെൻഡർ എക്സസ് എവിടംവരെ പോകും, ഇല്ലെങ്കിൽ വേണ്ട. അതിനൊരു വ്യക്തത ഉണ്ടായില്ലെങ്കിൽ ആ പ്രതീക്ഷയിൽ അവിഹിതമായ പല നടപടികളും നടക്കാൻ സാധ്യതയുണ്ട് അത് അങ്ങ് ശ്രദ്ധിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ഇപ്പോഴുള്ള റേറ്റ് ഈ വർഷം റിവൈസ് ചെയ്തതാണ്. അപ്പോൾ ചില ഇനങ്ങളിൽ മാത്രം, കൂലി എടുത്തു കഴിഞ്ഞാൽ മാർക്കറ്റ് റേറ്റിനെക്കാൾ കുറവാണ്. പക്ഷേ അതൊക്കെ മാർക്കറ്റ് റേറ്റിന് തുല്യമാക്കണമെന്ന് ഡാറ്റ കൂടി റിവൈസ് ചെയ്യണം. അതിന്റെ ആവശ്യം കൂടിയുണ്ട്. അങ്ങ് പറഞ്ഞതുപോലെ ബൂസ്റ്റ് ചെയ്തിട്ടുള്ള എസ്റ്റിമേറ്റല്ല; എസ്റ്റിമേറ്റ് മനഃപൂർവ്വം താഴ്ത്തിവയ്ക്കും, എക്സസ് വന്നു കഴിഞ്ഞാൽ പിന്നെ അതിന്റെ പെർസന്റേജാണ്. അതാണ് അതിന്റെ രീതിയെന്നു പറയുന്നത്.

ശ്രീ. വി. ശശികുമാർ : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് ധനകാര്യവകുപ്പു സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഡോ. തോമസ് ഐസക് : സർ, ഇപ്പോൾ അവിടെ പല രീതിയിലുള്ള ആഡിറ്റുണ്ട്. ലോക്കൽ ഫണ്ടിന്റെ ആഡിറ്റുണ്ട്. പെർഫോർമൻസ് ആഡിറ്റുണ്ട്. എ.ജി.യുടെ ആഡിറ്റുണ്ട്. പെർഫോർമൻസ് ആഡിറ്റ് യഥാർത്ഥത്തിൽ കൺകറന്റായിട്ട് ചെയ്യുന്ന കാര്യം അപ്പപ്പോൾ തെറ്റ് തിരുത്തി സഹായിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഏർപ്പാടായി മാറണം. വിമർശനമുള്ളത്, ലോക്കൽ ഫണ്ട് ആഡിറ്റ് അതിന് സമാനമായ രീതിയിൽ വരുന്നുവെന്നുള്ളതാണ്. ആഡിറ്റ് കമ്മീഷനെക്കുറിച്ച് നേരത്തെ ഭരണപരിഷ്ക്കാര കമ്മിറ്റി നിർദ്ദേശം വച്ചിരുന്നു. അതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നു.

ശ്രീ. എം. കെ. പ്രേംനാഥ് : സർ, ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്ട്, സംസ്ഥാനത്ത് കടം എടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയോ, അത് എങ്ങനെ സംസ്ഥാനത്തെ ബാധിച്ചു?

ഡോ. തോമസ് ഐസക് : സർ, പുതിയ ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം നമ്മുടെ വായ്പ മൂന്ന് ശതമാനമായി പരിമിതപ്പെടുത്തണമെന്ന് മാത്രമല്ല, സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത സംസ്ഥാന വരുമാനത്തിന്റെ 25 ശതമാനം അധികരിക്കാൻ പാടില്ല. ഇന്ന് അത് 35 ശതമാനമാണ്. എന്നുവച്ചാൽ ഈ പുതിയ തത്വത്തിന്റെ അടിസ്ഥാനത്തിൽ ധനഉത്തരവാദിത്ത നിയമം ഉണ്ടാക്കി കഴിഞ്ഞാൽ വായ്പ എടുക്കാം, പക്ഷേ പഴയ കടം തിരിച്ചടയ്ക്കാൻ വേണ്ടി ഉപയോഗിക്കണം. ഇത് കേരളത്തിന്റെ വികസനത്തിന് ഏറ്റവും ഹാനികരമായിട്ടുള്ള ഒരു കാര്യമാണ്.

ശ്രീ. പി. വിശ്വൻ : സർ, കേരളത്തിന്റെ സാമ്പത്തിക സ്രോതസ്സിൽ പ്രധാനപ്പെട്ടതാണ് പ്രവാസികളുടെ പണം. അതുപോലെ നാണ്യവിളകളുടെ ഹൃദയമാണ് കേരളം എന്നു പറയുന്നത്. എനിക്ക് ചോദിക്കാനുള്ളത്, നമ്മുടെ സാമ്പത്തിക സ്രോതസ് പ്രധാനപ്പെട്ട ഈ രണ്ട് കേന്ദ്രങ്ങളിലായതുകൊണ്ട് തന്നെ ലോക സാമ്പത്തിക പ്രതിസന്ധി കേരളീയ സമൂഹത്തെ, കേരളീയ സമ്പദ് വ്യവസ്ഥയെ എങ്ങനെ ബാധിക്കുന്നു, അതിനെ എങ്ങനെ മാനേജ് ചെയ്യാനാണ് അങ്ങ് ശ്രമിച്ചുകൊണ്ടിരിക്കുന്നത് ?

ഡോ. തോമസ് ഐസക് : സർ, ആഗോളമായി കാർഷിക വിളകളുടെ വില മെച്ചപ്പെട്ടുവരുകയാണ്. അതുകൊണ്ട് തേങ്ങയ്ക്ക് ഒഴിച്ച് ബാക്കിയുള്ളതിന് സാമാന്യം നല്ല വില കിട്ടുന്നുണ്ട്. പക്ഷേ അത് എത്രനാൾ നിൽക്കും, ഈ സൈക്കിൾ എങ്ങനെ മാറും എന്ന് നമ്മൾ കാത്തിരുന്നു കാണണം. കുടിയേറ്റക്കാരെ സംബന്ധിച്ചിടത്തോളം മാന്ദ്യത്തിൽ നിന്ന് കരകയറുന്നതിന്റെ പശ്ചാത്തലത്തിൽ അതിനുള്ള സാധ്യതകളും കൂടിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ് : സർ, എട്ട് കൊല്ലം മുമ്പ് പൂഞ്ഞാർ പഞ്ചായത്തിൽ ഒരു ലക്ഷം രൂപയുടെ എം. എൽ.എ. ഫണ്ടുപയോഗിച്ചുള്ള ഒരു വർക്ക് 165 മീറ്റർ നാട്ടുകാരും ഞാനുംകൂടി നിന്ന് കോൺക്രീറ്റ് ചെയ്തു. ഇപ്പോൾ പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ പുതുക്കി പുതുക്കി ഒരു ലക്ഷം രൂപയ്ക്കുള്ള വർക്കിന്റെ 45 മീറ്ററേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഈ ഷെഡ്യൂൾ പുതുക്കാൻ കാരണം എന്താണ്, യഥാർത്ഥ വസ്തുത മനസ്സിലാക്കിക്കൊണ്ട് ഈ പ്രശ്നം പ്രത്യേകം പരിഗണിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം തന്നെ എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും ഉപയോഗിച്ചുള്ള വർക്ക് ആര് ചെയ്യണം, ആ ഫണ്ട് ഉപയോഗിച്ച് ഏതൊക്കെ വർക്ക് ചെയ്യാം ; ഇപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

പല ജില്ലകളിലും പല മാനദണ്ഡമാണ്. ചില കളക്ടർമാർ ഇരുന്നാൽ ഉടനെ ഫയൽ കറിയിട്ട് താഴേക്ക് കൊടുക്കുകയാണ്. ഇതുസംബന്ധിച്ച് ഒരു സർക്കുലർ ധനകാര്യ വകുപ്പിൽ നിന്ന് ഇറങ്ങണം. ഈ വർക്ക് ഏത് ഡിപ്പാർട്ടുമെന്റ് ചെയ്യണം, പഞ്ചായത്താണോ ബ്ലോക്കാണോ നേതൃത്വം കൊടുക്കേണ്ടത് എന്നതുസംബന്ധമായ വ്യക്തമായ സർക്കുലർ കൊടുക്കാൻ അങ്ങ് തയ്യാറാകുമോ ?

ഡോ. തോമസ് ഐസക് : സർ, ഒത്തിരി നാളായിട്ട് ധാരാളം എം.എൽ.എ.മാർ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണിത്. കാരണം അവർക്ക് നേരിട്ട് നടപ്പിലാക്കാൻ കഴിയില്ല. ഏതെങ്കിലും ഏജൻസിയെ വച്ചെങ്കിലേ പറ്റുകയുള്ളു. അത് കാര്യക്ഷമമല്ല. എൻ.ജി.ഒ. മാരുടെ സ്ഥലം മാറ്റത്തെക്കുറിച്ചൊക്കെയുള്ള വിമർശനങ്ങൾ സഭയിൽ വന്നിട്ടുണ്ട്. ഇത് സമഗ്രമായി പരിശോധിച്ചിട്ട് പരാതി പരിഹരിക്കുന്നതിന് നടപടി എടുക്കും.

ശ്രീ. എം. ഹംസ : സർ, ജനപ്രീയതകൊണ്ട് സമ്പദ്ഘടന മെച്ചപ്പെടുത്താനാകില്ല എന്ന് പ്രധാനമന്ത്രി പറയുമ്പോൾ ജനപ്രീയത കൊണ്ട് സമ്പദ്ഘടന മെച്ചപ്പെടുത്താനാകുമെന്ന് തെളിയിച്ച അങ്ങേക്ക് നന്ദി. എന്റെ പ്രധാനപ്പെട്ട ചോദ്യം, ഇന്ന് കേരളത്തിൽ മുലധന ചെലവുകൾക്കുവേണ്ടി കോടിക്കണക്കിന് രൂപ അങ്ങ് നീക്കി വച്ചു. അതെല്ലാം ചെലവഴിക്കുന്നതിനു വേണ്ടി അങ്ങ് പ്ലാനിംഗ് ബോർഡ് അംഗമായിരിക്കുന്ന സന്ദർഭത്തിൽ, പഞ്ചായത്തുകളിൽ ഇംപ്ലിമെന്റ് ചെയ്ത് വിജയിപ്പിച്ച ഒന്നാണ് ഇംപ്ലിമെന്റിംഗ് ആഫീസർ തസ്തിക. ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിനുവേണ്ടി, അക്കൗണ്ടബിലിറ്റിയുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുമോ ; പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ഇപ്പോൾ തന്നെ എല്ലാ ഡിപ്പാർട്ടുമെന്റുകളിലേയ്ക്കും സ്കീമുകളിലേയ്ക്കും ഇംപ്ലിമെന്റേഷൻ ആഫീസർമാരുണ്ട്. പക്ഷേ ഇപ്പോൾ ഫലപ്രദമായ മോണിട്ടറിംഗ് നടക്കുന്നില്ല എന്നുള്ള ഒരു പ്രശ്നമുണ്ട്. അത് മെച്ചപ്പെടുത്തുന്നതിലേയ്ക്ക് നമുക്ക് കൂട്ടായിട്ട് ആലോചിക്കേണ്ടതാണ്.

ശ്രീ. കെ. അച്ചുതൻ : സർ, അങ്ങയുടെ ആഫീസിൽ നിന്ന് കഴിഞ്ഞ വർഷം അടിയന്തരമായി എന്നെ വിളിച്ചുവരുത്തി 5 കോടി രൂപയുടെ പ്രവൃത്തിക്കുള്ള പ്രൊപ്പോസൽ തരണമെന്നു പറഞ്ഞു. ഞാൻ പിറ്റേ ദിവസംതന്നെ വന്നു അത് എഴുതി കൊടുത്തു. അതിൽ ഒരു 40-ഉം 40-ഉം 80 ലക്ഷം രൂപയുടെ വർക്ക് രണ്ട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളുടേതാണ്. അവ വണ്ണാമട ഭഗവതി ഹയർ സെക്കണ്ടറി സ്കൂൾ, ചിറ്റൂർ മുനിസിപ്പാലിറ്റി തത്തമംഗലം എസ്.എം. ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയാണ്. രണ്ട് സ്കൂളുകൾക്കും 40 ലക്ഷം വീതമാണ്. അതിൽ ഒരു വർക്കും അവിടെ നടന്നില്ല. ഈ വർഷം ബഡ്ജറ്റിൽ 100 ലക്ഷം രൂപാ വീതം അതിന് വച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം അങ്ങ് വിളിച്ചു വരുത്തി എഴുതി വാങ്ങിയതാണ്. അത് തുടങ്ങിയിട്ടില്ല. അതോടൊപ്പം തന്നെ എന്റെ നിയോജകമണ്ഡലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ മഴക്കാലത്ത് മൂലത്തറ ഡാമിന്റെ ഒരു സൈഡ് മുഴുവൻ ഒലിച്ചു പോയതാണ്. ഇന്നും അത് നേരെയാക്കാത്തതുകൊണ്ട് ഒരു കരയിൽ നിന്ന് മറുകരയിലേക്ക് എത്താൻ 20 കിലോമീറ്റർ തമിഴ്നാട്ടിൽക്കൂടി യാത്ര ചെയ്യണം. ആ ഒരു വർക്ക് പൂർത്തിയാക്കണം. മുഖ്യമന്ത്രിയുടെ മണ്ഡലത്തിലേക്ക് വെള്ളം പോകുന്നതാണ്. ആ വർക്ക് തുടങ്ങാൻ നടപടി സ്വീകരിക്കണം.

ഡോ. തോമസ് ഐസക് : സർ, ഏതായാലും കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിൽ നൽകിയിട്ടുള്ള വർക്കുകളെക്കുറിച്ചുള്ള ഏകദേശ ധാരണ എനിക്കുണ്ട്. അത് 14 കോടി രൂപയിൽപ്പരം വർക്കുകൾ വരും. തർക്കമുണ്ടെങ്കിൽ വരൂ, നമുക്ക് ഒരുമിച്ച് നോക്കാം. രണ്ടാമത്, ജലസേചനത്തെക്കുറിച്ച് പറഞ്ഞതിൽ എന്താണ് അതിന്റെ പ്രശ്നമെന്നുള്ളത് നമുക്ക് പരിശോധിക്കാം.

ശ്രീ. കെ. രാജു : സർ, നമ്മൾ പാസ്സാക്കുന്ന ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ ഓരോ വകുപ്പുകൾക്കുമുള്ള അവരുടെ ഡിമാന്റ് ഇവിടെ ചർച്ച ചെയ്ത് നിയമസഭ പാസ്സാക്കിക്കൊടുക്കുകയാണ്. നിയമസഭ പാസ്സാക്കിക്കൊടുത്ത ഡിമാന്റ് അനുസരിച്ചുള്ള തുക വിനിയോഗിക്കുന്നതിനുള്ള പൂർണ്ണമായ അവകാശം അതാത് ഭരണ വകുപ്പുകൾക്ക് കൊടുക്കുന്നതല്ലേ കാലതാമസം ഒഴിവാക്കുന്നതിന് നല്ലത്? ആ കാര്യം പരിഗണിക്കുമോ?

ഡോ. തോമസ് ഐസക്: നിയമസഭ പാസ്സാക്കി കഴിഞ്ഞാലും ഭരണാനുമതി കൊടുക്കണം. നേരത്തേയുള്ള ചട്ടപ്രകാരം ഭരണാനുമതി കൊടുത്തിട്ടാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നത്. ഇപ്പോൾ അങ്ങനെയല്ല. നാഷണൽ സ്കീമാണ്. ഇപ്പോൾ മൂന്നു കോടി രൂപവരെയാണെങ്കിൽ ഭരണാനുമതിക്ക് വേറെങ്ങും പോകേണ്ടതില്ല. അതിനേക്കാൾ കൂടുതലാണെങ്കിൽ നേരത്തെ പറഞ്ഞ രണ്ടാഴ്ച കൊണ്ട് കൂടുന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിലാണ് പാസ്സാക്കേണ്ടത്. ഭരണാനുമതി കിട്ടിക്കഴിഞ്ഞാൽ പ്ലാൻ സ്കീം ആണെങ്കിൽ പിന്നെ ഫിനാൻസിൽ വരേണ്ട കാര്യമില്ല.

ശ്രീ. കെ. കെ. ഷാജു: ഈ ചോദ്യത്തിൽ (ഡി) ഉദ്യോഗസ്ഥരുടെ സാമ്പത്തിക അധികാരത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുമോ എന്ന് ചോദിച്ചപ്പോൾ അങ്ങ് പറഞ്ഞത് ഭരണപരമായി ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുമെന്നാണ്. അങ്ങ് ഇപ്പോൾ കുഴി എണ്ണി നടക്കുന്നുണ്ടല്ലോ. ഇതിനുത്തരവാദികൾ എ.ഇ.മാരും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുമാണ്. ഇതുപോലെയുള്ള കാര്യങ്ങൾ ഉണ്ടാകുമ്പോൾ അപ്പോൾത്തന്നെ ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സാമ്പത്തിക അധികാരം ഇവർക്ക് നേരത്തേയുണ്ടായിരുന്നു. ഇതിൽ ചില മാൽപ്രാക്ടീസസ് ഉണ്ടായി എന്നു പറഞ്ഞിട്ട് അവരുടെ പരമാവധി അധികാരം എടുത്തുകളഞ്ഞതുകൊണ്ട് ഇപ്പോൾ ഇതുപോലുള്ള സന്ദർഭങ്ങളിൽ ആവശ്യമായ ഇടപെടൽ നടത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കഴിയുന്നില്ല. അതുകൊണ്ട് കാലാനുസൃതമായി അവർക്കുള്ള സാമ്പത്തിക അധികാരം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: എല്ലാ എ.ഇ. മാർക്കും 50,000 രൂപവരെ ഇംപ്രസ്ഡ് മണിയായി കൊടുത്തിട്ടുണ്ട്. അവർക്ക് നേരിട്ട് വർക്ക് എക്സിക്യൂട്ട് ചെയ്യാം. നിലവിലുള്ള ഭരണാധികാരങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് വി. രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആലോചിച്ചു വരുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, സാധാരണ ടെണ്ടർ വിളിച്ചു കഴിഞ്ഞാൽ ഇത്ര ദിവസത്തിനുള്ളിൽ എഗ്രിമെന്റ് വയ്ക്കണമെന്നുള്ള വ്യവസ്ഥ ഇപ്പോൾ നിലവിലില്ല. കോൺട്രാക്ടർമാരും ഉദ്യോഗസ്ഥരുംകൂടി ഒത്തുകളിച്ച് അനന്തമായി ഇത് നീട്ടിക്കൊണ്ടു പോയി വീണ്ടും ഒന്നുകിൽ ടെണ്ടർ നടപടികളിലേക്ക് പോകുകയോ, അല്ലെങ്കിൽ എക്സസ് വാങ്ങി എടുക്കുകയോ ആണ് ചെയ്യുന്നത്. അതുകൊണ്ട് ഒരു വർക്ക് ടെണ്ടർ ചെയ്താൽ ഇത്ര ദിവസത്തിനുള്ളിൽ എഗ്രിമെന്റ് വച്ച് വർക്ക് ആരംഭിക്കണമെന്നുള്ള വ്യവസ്ഥ കൊണ്ടു വരുമോ ?

ഡോ. തോമസ് ഐസക്: ഇപ്പോഴുള്ള നിയമപ്രകാരം ടെണ്ടർ വിളിച്ചിട്ട് എഗ്രിമെന്റ് വയ്ക്കുന്നില്ല എങ്കിൽ അത് ക്യാൻസൽ ചെയ്താൽ അത് ടെണ്ടർ വിളിച്ച ആളിന്റെ റിസ്ക് ആന്റ് കോസ്റ്റിലായിരിക്കണം. ആ നിയമം ഇതുവരെ ആരും നടപ്പിലാക്കിയിട്ടില്ല. അത് നടപ്പിലാക്കിക്കഴിഞ്ഞ് ടെണ്ടർ വിളിച്ചാൽ വർക്ക് എഗ്രിമെന്റ് ചെയ്യും.

പ്രൊഫ. എൻ. ജയരാജ്: സർ, എം.എൽ.എ. ഫണ്ട്., ഫ്ളഡ് വർക്ക് ഇതൊക്കെ ബെനിഫിഷ്യറി കമ്മിറ്റി മുഖേന നടപ്പിലാക്കുന്ന സാഹചര്യത്തിൽ അതിന്റെ കൺവീനർമാർക്ക് പാൻ കാർഡ് വേണമെന്ന് ഒരു പുതിയ നിർദ്ദേശം വച്ചിട്ടുണ്ട്. എം.എൽ.എ. ഫണ്ടിന്റെ ബെനിഫിഷ്യറി കമ്മിറ്റി കൺവീനർമാർക്ക് പാൻ കാർഡ് ഇല്ലെങ്കിൽ 20% കട്ട് ചെയ്യുമെന്നാണ് പറയുന്നത്. സാധാരണക്കാരായ ആളുകളാണ് പലപ്പോഴും കൺവീനർമാരായി വരുന്നത്. അവർക്ക് പാൻ കാർഡ് ഇല്ല. ഇത് വളരെ അശാസ്ത്രീയമായ നിർദ്ദേശമാണ്. ഇത് പിൻവലിക്കാനുള്ള നിർദ്ദേശം ഉണ്ടാകണം.

ഡോ. തോമസ് ഐസക്: ഇത് ഞാൻ ഉണ്ടാക്കിയ നിയമമല്ല. എനിക്ക് പിൻവലിക്കുവാൻ കഴിയുകയില്ല. കേന്ദ്ര സർക്കാരിന്റേതാണ്. ഞങ്ങൾ ഇത് സംബന്ധിച്ച് പ്രത്യേകമായ മെമ്മോറാണ്ടം ശ്രീ. പ്രണബ് മുഖർജിക്ക് നൽകിയിട്ടുണ്ട്.

ശ്രീ. എ. എം. ആരിഫ്: സർ, പാലങ്ങളും മറ്റും നിർമ്മിക്കുന്നതിന് ഡിസൈൻ തയ്യാറാക്കുകയെന്നത് അതിപ്രധാനമാണ്. ഡിസൈൻ തയ്യാറാക്കുന്നതിന് 2004-ൽ അംഗീകരിച്ച റേറ്റാണ് ഇപ്പോഴും തുടരുന്നത്. റേറ്റ് റിവൈസ് ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ അത് ചെയ്യുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. 'ഡ്രിക്ക്' എന്നു പറയുന്ന ഒരു സ്ഥാപനത്തെയാണ് അതിന് ചുമതലപ്പെടുത്തുന്നത്. അവിടെ ബാഹുല്യം നിമിത്തവും ജീവനക്കാരുടെ അഭാവം നിമിത്തവും അവർക്ക് ഏറ്റെടുക്കുവാൻ കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ലോഡ് താങ്ങാൻ കഴിയുന്നില്ല. ഒരുപാട് വർക്ക് ഒരുമിച്ച് കൊടുത്തിരിക്കുന്നുമുണ്ട്. ഏതെങ്കിലും ഔട്ട് സൈഡ് ഏജൻസിക്ക്, പ്രൈവറ്റ് ഏജൻസിക്ക് കൊടുത്തുവേണം ചെയ്യിക്കേണ്ടത്. അങ്ങയുടെ മണ്ഡലത്തിലുള്ള പാലങ്ങൾ അടക്കമുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നതിന് ഇപ്പോൾ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അതിനാൽ റേറ്റ് റിവൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. തോമസ് ഐസക്: റേറ്റ് റിവൈസ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

ശ്രീ. എം. മുരളി: സർ, ധനവിനിയോഗം സുഗമവും അഴിമതിരഹിതവുമാക്കണമെങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട നിയമങ്ങളിൽ മാറ്റങ്ങൾ വരുത്തണം. ചട്ടങ്ങളിൽ മാറ്റങ്ങൾ വരുത്തണം. ബഡ്ജറ്റ് മാനുവൽ പരിഷ്കരിക്കണം. സ്റ്റോർ പർച്ചേസ് നിയമം പരിഷ്കരിക്കണം. പി.ഡബ്ല്യു.ഡി. മാനുവൽ റിസ്ക് ആന്റ് കോസ്റ്റിൽ അങ്ങ് ടെർമിനേറ്റ് ചെയ്യുമെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ അവർ കോടതിയിൽ പോകും. പിന്നെ ആ വർക്ക് ഈ ജീവിതകാലത്ത് നടക്കുകയില്ല. അതുകൊണ്ട് പി.ഡബ്ല്യു.ഡി മാനുവൽ, ബഡ്ജറ്റ് മാനുവൽ സ്റ്റോർ പർച്ചേസ് നിയമം ഉൾപ്പെടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട നിയമങ്ങൾ കോടതിയുടെ ഇടപെടൽ വരാതെ പരിഷ്ക്കരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. തോമസ് ഐസക്: ഭരണ പരിഷ്കാര കമ്മീഷൻ മുന്നോട്ടു വച്ചിട്ടുള്ള എറ്റവും പ്രധാനപ്പെട്ട നിർദ്ദേശങ്ങളിൽ ഒന്നാണിത്. ആഗസ്റ്റ് മാസത്തിൽ പുതിയ പി.ഡബ്ല്യു.ഡി മാനുവൽ നിലവിൽ വരും

വനസംരക്ഷണ രംഗത്തെ പ്രവർത്തനങ്ങൾ

2 (*452) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വനസംരക്ഷണ രംഗത്ത് എന്തൊക്കെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ വന സംരക്ഷണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർക്കാർ രൂപീകരിച്ച വനനയത്തിലെ ലക്ഷ്യങ്ങൾ കൈവരിക്കും എന്നുറപ്പ് വരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളത് ?

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ,

(എ) വന സംരക്ഷണ രംഗത്ത് ക്രിയാത്മകവും കാര്യക്ഷമവുമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. റിസർവ്വ് വന വിസ്തൃതി വർദ്ധിപ്പിക്കൽ, വനം കൈയ്യേറ്റം

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

[20-7-2010-ലെ നക്ഷത്ര ചിഹ്നമിട്ട 1 (451)-ാം നമ്പർ ചോദ്യത്തിന്റെ 'ബി' ഉത്തരം കാണുക]

GOVERNMENT OF KERALA

Abstract

FINANCE DEPARTMENT— DELEGATION/ENHANCEMENT OF FINACIAL POWER OF THE ADMINISTRATIVE DEPARTMENT AT THD SECRETARIAT AND HEADS OF DEPARTMENT ON THE BASIS OF THE RECOMMENDATIONS OF THE ADVISORY GROUP— SANCTIONED— ORDERS ISSUED

FINANCE EXPENDITURE-B DEPARTMENT

G.O.(P) No. 350/2008/Fin. Dated, Thiruvananthapuram 6th August, 2008

Read :—1. G.O.(Rt.) No. 4362/08/Fin. dated 16-5-2008.

2. G.O.(Ms.) No. 343/08/Fin. dated 2-8-2008.

3. G.O.(Ms.) No. 299/02/Fin. dated 15-5-2002.

4. G.O.(P) No. 355/03/Fin. dated 1-7-2003.

5. G.O.(P.) No. 396/03/Fin. dated 23-7-2003.

ORDER

As per G.O. read as 1st above, Government constituted an Asvisory Group heated by Sri. K.V. Rabindran Nair, former Chief Secretary to suggest measures to improve and reform Financial Administration in Government. The Advisory Group submitted the recommendations to Government. These recommendations of the Advisory Group inter alia include the issue of revision of the existing delrgation of financial powers of the Administrative Departments of the secretariat and the Heads of Department.

Government have examined and approved the recommendations vide G.O. 2nd cited. Accordingly, in supersession of the G.O.'s refered to 3-5 above on delegation of financial powers, Government are pleased to revise the financial powers of Administrative Departments of the Secretariat and Heads of Department as detailed in the Annexure I and II respectively to the Government Order.

By order of the Governor,

L. C. GOYAL,

Principal Secretary(Finance)

LIBRARY ARCHIVES Kerala Legislative Assembly

To

The Principal Accountant General (Audit), Kerala
Thiruvananthapuram, (with C.I.).

The Accountant General (A&E), Kerala Thiruvananthapuram, (with C.I.).

All Departments in the Secretariat.

All Additional Chief Secretaries/Principal Secretaries/Special Secretaries to Government.

All District Collectors.

All Heads of Department.

The Private Secretary to Cheif Minister.

The Private Secretary to all Ministers.

The Private Secretary to Leader of Opposition/Cheif Whip

The Additional Secretary to Cheif Secretary.

The Director of Public Relations.

The Director of Treasuries, Thiruvananthapuram.

The Nodal Officer, www.finance.kerala.gov.in

The Stock File/Office Copy

LIBRARY ARCHIVES Kerala Legislative Assembly

ANNEXURE II

DELEGATION OF FINANCIAL POWERS TO ADMINISTRATIVE DEPARTMENTS OF SECRETARIAT

item	*Existing powers*	*Revised powers*
(1)	(2)	(3)
1. Shifting of posts	The Administrative Departments of the Secretariat may without previous consultation of the Finance Department, sanction shifting of posts having the same duties and functions like the various grades of Clerks, Typists, Confidential Assistants etc. within the same unit of appointment.	No change
2. Leave	The Administrative Department of the Secretariat may without previous consultation with the Finance Department sanction study leave, special disability leave, leave to take up other employment and leave without allowances to join the spouse according to the rules in the matter. Cases where relaxation of rules is required or where there is any doubt regarding the	The Administrative Department of the Secretariat may without previous consulation with Finance Department sanction study leave, special disability leave, leave to take up other employment and leave without allowances to join the spouse according to the rules in the matter. Cases where relaxation of rules is required should be sanctioned in

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
	applicability or interpretation of the rules should be sanctioned in consultation with the Finance Department.	consultation with the Finance Department.
3. Deputation for Training	The Administrative Department may without previous consultation with the Finance Department sanction all cases of deputation of Officers for training, within India for a period not exceeding one month subject to the restrictions on economy measures imposed by Government from time to time and subject to the following conditions:—	The Administrative Department of the Secretariat may without previous consultation with Finance Department sanction all cases of deputation of Officers for training, within the State or in India subject to the restrictions of economy measures imposed by Government from time to time and subject to the following conditions:—
	(i) The deputation of Officers for training is under any scheme approved by the Government in consultation with the Finance Department.	(i) That the expenditure to be incurred including the training fee on this account does not exceed the available budget provision.
	(ii) There is specific provision for the trainig in the budjet.	
4. Sanction of	(iii) The training is a professional one	(ii) The training is a professional onc for the upgradation of

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
	for the upgradation of the skill of the Officers in the Department.	the skills of the Officers in the Department.
4. Sanction of Foreign Tours	Nil	The Adninistrative Department of the Secretariat may sanction foreign tours without the previous consent of Finance Department by routing files to Chief Sectretary, Minister and Chief Minister if the proposal does not involve financial commitment to Government/Public Sector Undertaking/ any other Government body.
5. Deputation to Foreign Service	The Administrative Department of the Secretariat may without previous consultation with the Finance Department sanction all cases of deputations to Foreign Service and extension of the period of foreign service, which are ordered in	No change

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
	accordance with the standard terms of deputation in the KSR. However all cases involving variation in the terms of emoluments of deputation and relaxation of rules must be ordered only in consultation with Finance Department.	
6. Deptutation for Higher Studies	Nil	The Administrative Department of the Secretariat may without previous consultation with Finance Department sanction all cases of deputation for higher studies in accordance with the provisions in the relevant rules in the KSR.
7. Permanent Advance	The Administrative Department of the Secretariat may without previous consultation with the Finance Department sanction Permanent Advances limited to a maximum of Rs. 5,000 in each case. The Orders will be issued on the Recommendation of Accountant General in conformity with	No change

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
	Article 95 of the KFC vol.I.	
8. Reimbursement of Medical Expenses	The Labour and Rehabilitation Department of the Secretariat may without previous consultation with the Finance Department Sanction the reimburse ment of medical expenses to the insured employees covered by the E.S.I Scheme up to Rs. 10,000 in each case.	The Labour and Rehabilitation Department of theSecretariat may without previous consultation with the Finance Department sanction the reimbursement of medical expenses to the insured employees covered by the E.S.I. Scheme up to Rs. 20,000 in each case.
9. Hiring of Private Buildings	The Administrative Department of the Secretariat may without previous consultation with the Finance Department sanction hiring of private buildings without monetary limit, on production of the rent and non-availability certificates from the Public Works Department. The Administrative Department may without prior consultation with the Finance Department	The Administrative Department of the Secretariat may without previous consultation with Finance Department sanction hiring of private buildings without monetary limit, on production of the rent and non-availability certificates from the public Works Department. The Administrative Department may without prior consultation with the Finance Department

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
	also sanction hiring of private buildings without insisting on the rent and non-availability certificate from PWD subject to an upper limit of Rs. 15,000 p.m.	also sanction hiring of private buildings without insisting on the rent and non-availability certificate from PWD subject to an upper limit of Rs. 30,000 p.m. While doing so they will follow transparent procedure of selection of the buildings.
10. Disposal of Unserviceable Articles	The Administrative Department of the Secretariat may without previous consultation with the Finance Department sanction the disposal of all unserviceable articles up to a limit of Rs. 2 lakh in each case without any annual limit subject to the provision in Article 154-157 of the Kerala Financial CodeVolume I	The Administrative Department of the Secretariat may without previous consultation with Finance Department sanction the disposal of all unserviceable articles up to a limit of Rs. 5 lakh in each case without any annual limit subject to the provision in Article 154-157 of the Kerala Financial Code Volume I.
11. Demolition of Old and dilapidated Buildings	Nil	The Administrative Department of the Secretariat may without previous consultation with Finance Department sanction the

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
		demolition of old and dilapidated buildings up to a limit of Rs. 3 lakh subject to the availability of survey report from PWD.
12. Cutting down of trees (to be removed for sufficient reasons such as causing risk to life etc.)	Nil	The Administrative Department of the Secretariate may without previous consultation with Finance Department sanction the cutting down of the trees subject to the concurrence of Forest and Wildlife Department.
13. Repair of Vehicles	Nil	The Administrative Department of the Secretariat may without previous consultation with Finance Department accord sanction for repairing of vehicles up to Rs. 30,000 per vehicle at a time subject to availability of budget provision for the purpose and on production of an essentiality certificate from PWD Asst. Executive Engineer(Mech.)

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
14. Expenditure on New Works	Administrative sanction to any work provided that the estimate amount does not exceed Rs. 25 lakh.	The Administrative Department of the Secretariat may without previous consultation with the Finance Department accord Administrative sanction to any work provided that the estimate amount in each case does not exceed Rs 100 lakh and that the total cost of ongoing and new works sanctioned by different levels in the current year does not exceed 150% of the budget provision under the respective heads of account.
15. Maintenance estimates of Water supply and Drainage Schemes	The Administrative Department of the Secretariat may without previous consultation with the Finance Department sanction mainteance estimate of water supply and sanitary installations upto Rs. 50,000 in each case provided that the maintenance cost of water supply and sanitary installa - tions does not exceed 10% of the capital cost and subject to the usual conditions.	The Administrative Department of the Secretariat may without previous consultation with Finance Depart-ment sanction maintenance estimate of water supply and sanitary installations upto Rs. 1,50,000 in each case provided that the maintenance cost of water supply and sanitary installations does not exceed 10% of the capital cost and subject to the usual conditions.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
16. Annual reapair and maintenance of Government Buildings	TheAdministrative Department of the Secretariat may without previous consultation with the Finance Department sanction maintenance estimate not exceeding Rs. 1,00,000 in each case provided the estimate does not exceed 10% of the capital cost of the building	The Administrative Department of the Secretariat may without previous consultation with Finance Department sanction maintenance estimate not exceeding Rs. 3,00,000 in each case provided the estimate does not exceed 10% of the capital cost of the buildings.
17. Purchase of Stores other than for Works	The Administrative Department of the Secretariat may without previous consultation with the Finance Department sanction expenditure, which does not exceed Rs.20 lakh in respect of purchase of stores other than for works subject to budget provision being available and Stores Purchase Rules being observed.	The Administrative Department of the Secretariat may without previous consultation with the Finance Department sanction expenditure, which does not exceed Rs. 50 lakh in respect of purchase of stores other than for Works subject to budget provision being available and Stores Purchase Rules being observed.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
18. Purchase of Computer and peripherals	Nil	The Administrative Department of the Secretariat may without previous consultation with the Finance Department sanction expenditure, which does not exceed Rs. 25 lakh in respect of purchase of Computer and peripherals (except laptop computers) subject to budget provision being available and subject to the concurrence of Information Technology Department. (Large scale purchase of computers is to be effected only after ensuring that all requirements for computerization with respect to bothsoftware and hardware are fully satisfied following the guidelines issued on the basis of the recommendations of the PAC vide Circular No.25/2006/Fin. dated 1-6-2006).
19. Annual Maintenance Contract (AMC)	Nil	The Administrative Department of the Secretariat may

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
		without previous consultation with the Finance Department sanction expenditure related to Annual Maintenannce Contract up to a limit of Rs. 1,00,000 subject to the rules in force, subject to the concurrence of InformationTechnology Department in the case of computers and subject to observance of Stores Purchase Rules.
20. Land Acquisition	Nil	The Administrative Department of the Secretariat may without previous consultation with FinanceDepartment sanction expenditure on land acquisition charges up to Rs. 15 lakh in each case provided there is specific budget provision.
21. Satisfaction of Court Decrees in LAR cases	The Administrative Department empowered to sanction payments on	The Administrative Department is empowered to sanction payments

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
	the orders of the courts without prior consultation with the Finance Department subject to the limit of Rs. 10 lakh provided that there is no scope for appeal or revision or special leave petition.	on the orders of the courts without prior consultation with the Finance Department subject to the limit of Rs. 1 crore and subject to the satisfaction of conditions in para 2 (a) of G.O.(p) No. 409/2006/Fin. dated 10-10-2006 and Rs. 50 lakh for 2 (b) of the above G.O.
22. Sanction of Scholarships	Nil	The Administrative Department of the Secretariat may without prior consultation with Finance Department sanction grant of scholarships subject to budget provision and satisfaction of prescribed conditions stipulated in the approved scheme for grant of scholarships.

LIBRARY ARCHIVES Kerala Legislative Assembly

ANNEXURE II

DELEGATION OF FINANCIAL POWERS TO HEADS OF DEPARTMENTS

(1)	(2)	(3)
tem	*Existing powers*	*Revised powers*
1. Ceremonial Function	To incur expenditure for each ceremonial function up to Rs. 1,500	To incur expenditure for each ceremonial function up to Rs. 8,000
2. Disposal in auction	Rs. 50,000	Rs. 1,00,000
3. (a) Petty expenses	Rs. 1,000	Rs. 5,000
(b) Contingencies—non-recurring	Rs. 10,000	Rs. 25,000
4. Petty construction, repair and maintenance of Government Buildings	Rs. 25,000	Rs. 50,000
5. Printing	Rs.20,000 (Rs. 50 to 500 at a time subject to an annual limit of Rs. 5,000)	Rs. 50,000 (in emergent cases printing work may be entrusted to private presses without reference to SGP not exceeding Rs. 1,000 at a time subject to an annual limit of Rs. 10,000)
6. purchase :		
(a) Stationary	Rs.1,000	Rs.20,000
(b) Stores	Rs. 10,00,000	Rs. 15,00,000
	Rs. 3,00,000	Rs. 5,00,000
	Rs. 30,000	Rs. 1,00,000 (as annual

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
	respectively (Vide Appendix XXII of SPM)	ceiling) to Group I, Group II and Group III respectively (Vide Appendix XXII of SPM
7. Hiring/Renting of Private Building	Rs. 25,500 per month in each case	Rs. 10,000 per month in each case, subject to rent and non-availability certificate from PWD
8. Govt. Vehicles-repair and replacement of Spare parts	Rs. 15,000 in each case with an annual limit of Rs. 25,000 per vehicle subject to availability of the budget provision	Rs. 15,000 in each case with an annual limit of Rs. 50,000 per vehicle subject to availability of the budget provision
9. Works :		
(i) major Heads of Departments	Rs. 7.50 lakh	15 lakh Subject to budget provision and over all limit of 150% of the budget provision in the current year for ongoing and new works under the respective heads of account.
(ii) Minor Heads of Department	Rs. 5 lakh	8 lakh
(iii)C.E. (PWD and	Rs. 15.lakh	25 lakh
10. Write off	Rs. 10,000 in each case with an annual limit of Rs. 50,000 (powers now being exercised by DHS&Chief Conservator of Forest may remain unchanged)	No change

LIBRARY ARCHIVES Kerala Legislative Assembly